

# പരിണാമവും
# വാർത്താ മാധ്യമങ്ങളും

കവർസ്റ്റോറി ● കെ.എം സൈദ

**പുതിയൊരു** ഫോസിൽ കണ്ടെടുക്കപ്പെട്ടാലും പുതിയൊരു ജീവിവർഗത്തെ തിരിച്ചറിഞ്ഞാലും മാധ്യമങ്ങളിൽ വാർത്ത വരാറുണ്ട്. പ്രത്യേകിച്ച് അതിന് പരിണാമപരമായ പ്രാധാന്യമുണ്ടെങ്കിൽ. ഇത് സ്വാഭാവികമാണ്. എന്നാൽ കണ്ടുപിടുത്തക്കാരനായ ശാസ്ത്രജ്ഞൻ പറയുന്നത് പകർത്തിയെഴുതാനല്ലാതെ അദ്ദേഹത്തിന്റെ അവകാശവാദങ്ങൾ വിലയിരുത്താനുള്ള ശ്രമം മാധ്യമങ്ങൾ നടത്താറില്ല. ഏറിയാൽ മറ്റൊരു ശാസ്ത്രജ്ഞന്റെ വിയോജിപ്പ് വാർത്തയുടെ ഭാഗമായി വന്നേക്കും. പരിണാമവുമായി ബന്ധപ്പെട്ട വാർത്തയാണെങ്കിൽ ശാസ്ത്രജ്ഞന്റെ മൗലിക കാഴ്ചപ്പാടിനെ വിലയിരുത്താൻ ഒരിക്കലും ശ്രമിക്കാറില്ല. പരിണാമത്തെ ഇരുകോണിൽനിന്നും വീക്ഷിക്കാനുള്ള നീക്കമേ ഉണ്ടാവൂ. പരിണാമത്തെ സംശയിക്കുന്നവിധം ഒരു വരിപോലും വാർത്തയിൽ കാണാനാവില്ല. അതിനാൽ ദിനേനയെന്നോണം വരാറുള്ള ശാസ്ത്ര വാർത്തകളിൽ ഓരോന്നും പരിണാമത്തെ സ്ഥിരീകരിക്കുന്നവയാണ് എന്ന തെറ്റിദ്ധാരണയാണ് വാർത്താ മാധ്യമങ്ങൾ പകർന്നു നൽകുന്നത്. യാഥാർഥ്യമാകട്ടെ മറിച്ചാണ്താനും. ഉദാഹരണത്തിന്, വാർത്താ ചാനലായ *ബി.ബി.സി* (2005 മെയ് 3) നൽകിയ ഒരു വാർത്ത പരിശോധിക്കാം.

വാർത്തയുടെ ശീർഷകം ഇതാണ്: "ഫോസിലുകൾ മനുഷ്യ പരിണാമത്തിലേക്ക് വെളിച്ചം വീശുന്നു." അതായത്, ഇപ്പോൾ കിട്ടിയ ഏതാനും ഫോസിലുകൾ പരിണാമത്തെപ്പറ്റി കൂടുതൽ വിവരങ്ങൾ നൽകുന്നുവെന്നർഥം. ദക്ഷിണാഫ്രിക്കയിലെ സെഡാർബർഗ് പർവതപ്രദേശത്തുനിന്നും കണ്ടെടുക്കപ്പെട്ട ഏതാനും മത്സ്യ ഫോസിലുകളെപ്പറ്റിയാണ് വാർത്ത. പ്രഫ. ആൽഡ്രിഡ്ജും സഹഗവേഷകരുമാണ് ഇതു കണ്ടെത്തിയത്. ഫോസിലിന്റെ പ്രത്യേകതയെന്താണെന്നോ? മുള്ളില്ലാത്ത മത്സ്യങ്ങളുടേതായിരുന്നു ഫോസിലുകൾ! പരിണാമപ്രകാരം എല്ലില്ലാത്തവയിൽനിന്നും ക്രമാനുഗതമാറ്റത്തിലൂടെയാണ് എല്ലുള്ള ജീവികൾ ഉണ്ടായത്. ഇപ്പോഴുള്ള എല്ലാ മത്സ്യങ്ങൾക്കും മുള്ളുകളുണ്ട്. ഇതുവരെയും കിട്ടിയ ഫോസിൽ മത്സ്യങ്ങൾക്കും മുള്ളുകളുണ്ട്. എന്നാൽ വാർത്തയിൽ പരാമർശിക്കപ്പെട്ട മത്സ്യ ഫോസിലുകൾക്ക് മുള്ളില്ല. അതായത്, ആദ്യം ഉണ്ടായ മത്സ്യങ്ങളാണിവയെന്നും ഇത്തരം മത്സ്യങ്ങളിൽ നിന്നാകാം മുള്ളുള്ളവ പരിണമിച്ചുണ്ടായതെന്നും സാരം. വാർത്ത നൽകുന്ന പ്രധാന പാഠമിതാണ്.

സൂക്ഷ്മ വായനയിൽ മറ്റുചില കാര്യങ്ങൾ കൂടി ശ്രദ്ധയിൽപെടും. ഇതേ വാർത്തയുടെ അവസാനം ഒരു വസ്തുത സൂചിപ്പിക്കുന്നു. ഇപ്പോൾ കണ്ടെത്തിയ മുള്ളില്ലാത്ത മത്സ്യ ഫോസിലിന് 4500 ലക്ഷം വർഷമാണ് പ്രായമെന്നും, എന്നാൽ 5300 ലക്ഷം വർഷം പഴക്കമുള്ള മുള്ളുള്ള മത്സ്യങ്ങളുടെ ഫോസിലുകൾ

**പരിണാമ സങ്കൽപത്തിനെതിരായ എന്ത് തെളിവുകൾ ലഭിച്ചാലും വ്യാഖ്യാനിച്ച് അനുകൂലമാക്കുന്ന തന്ത്രം ഏറ്റവും നന്നായി പയറ്റിയത് ഡാർവിൻ തന്നെയായിരുന്നു. എങ്കിൽ അനുയായികൾ മോശക്കാരാകുമോ? ആദ്യകാല കേംബ്രിയനിൽ മത്സ്യപരിണാമം പെട്ടെന്ന് നടന്നു എന്നു പറയാൻ കാരണം, പെട്ടെന്ന് നടന്നതിന് തെളിവുണ്ടായതുകൊണ്ടല്ല; സാവധാനത്തിൽ നടന്നതിന് തെളിവില്ലാത്തതുകൊണ്ടാണ്!**

ചൈനയിൽനിന്നും കിട്ടിയിട്ടുണ്ടെന്നുമുള്ള വിവരമാണത്. ഇത് യഥാർഥ മത്സ്യം തന്നെയാണ്. അതായത് മുൻഗാമിയായി കണക്കാക്കുന്ന മുള്ളില്ലാത്ത മത്സ്യത്തേക്കാൾ പഴക്കമേറിയതാണ് മുള്ളുള്ള യഥാർഥ മത്സ്യഫോസിലെങ്കിൽ പരിണാമം നടന്നിട്ടില്ല എന്നല്ലേ തെളിയുന്നത്? *ബി.ബി.സി* സൂചിപ്പിച്ച കണ്ടെത്തൽ പരിണാമത്തിലേക്ക് വെളിച്ചം വീശുന്നില്ലെന്നു മാത്രമല്ല പരിണാമം നടന്നിരിക്കാൻ സാധ്യതയില്ലെന്നുമാണ് തെളിയിക്കുന്നത്.

ലഭ്യമായ മത്സ്യ ഫോസിലുകളിൽ ഏറ്റവും പഴക്കമുള്ളത് മുള്ളുള്ള മത്സ്യ ഫോസിലുകൾക്കാണ്. മുള്ള് ഇല്ലാത്തവയേക്കാൾ 800 ലക്ഷം വർഷങ്ങൾ ഇവക്ക് പഴക്കമുണ്ട്. പരിണാമത്തിലൂടെയാണ് മുള്ളുള്ളവ ഉരുത്തിരിഞ്ഞതെങ്കിൽ 5300 ലക്ഷം വർഷത്തേക്കാൾ വളരെ പഴക്കമുള്ള മുള്ളില്ലാത്ത മത്സ്യ ഫോസിലുകൾ ലഭിക്കുമായിരുന്നു. ഏതാനും ഫോസിലുകളല്ല; വൻതോതിൽ തന്നെ. അതിനാൽ രണ്ട് കാരണങ്ങളാൽ *ബി.ബി.സി* വാർത്തയിലെ കണ്ടെത്തൽ പരിണാമത്തെ ദുർബലമാക്കുകയാണ്.

ഒന്ന്, മുള്ളില്ലാത്ത മത്സ്യഫോസിലുകൾ അപൂർവങ്ങളിൽ അപൂർവമാണ്. പരിണാമം നടന്നിരുന്നെങ്കിൽ ഇവ ധാരാളമായി ലഭിക്കുമായിരുന്നു.

രണ്ട്, മുള്ളുള്ളവയേക്കാൾ പഴക്കമേറിയ മുള്ളില്ലാത്ത ഫോസിലുകൾ ധാരാളമായി ലഭിക്കുമായിരുന്നു. എന്നാൽ പരിണാമ സങ്കൽപത്തിനു വിരുദ്ധമായി പഴക്കം കൂടിയ മത്സ്യഫോസിലുകൾ മുള്ളുള്ളവയാണ്.

*ബി.ബി.സി*യുടെ ഈ ഒരൊറ്റ വാർത്ത മാത്രം വിശകലനം ചെയ്താൽ പരിണാമവാദത്തെ ദുർബലമാക്കുന്ന ഒട്ടേറെ തെളിവുകൾ ലഭിക്കും. ദിനേനയെന്നോണം പ്രത്യക്ഷപ്പെടുന്ന ഇത്തരം ഓരോ വാർത്തയും യഥാർഥത്തിൽ പരിണാമത്തെ ഖണ്ഡിക്കുകയാണ് ചെയ്യുന്നത്. എന്നാൽ കഥയറിയാതെ ആടുന്ന മാധ്യമങ്ങൾ എല്ലാം ഡാർവിനിസത്തിനുള്ള തെളിവായി അവതരിപ്പിക്കുന്നു എന്നുമാത്രം.

മേൽ സൂചിപ്പിച്ച മുള്ളുള്ള പഴക്കമേറിയ ഫോസിലുകൾ ചൈനയിൽനിന്നും കിട്ടിയത് *ബി.ബി.സി* തന്നെ റിപ്പോർട്ടു ചെയ്തിരുന്നു (1999 നവംബർ 4). ഈ വാർത്ത വിശകലനം ചെയ്താൽ കൂടുതൽ കൗതുകങ്ങൾ പുറത്തുവരും. തികച്ചും വ്യത്യസ്തതയുള്ള രണ്ട് വർഗ(Species)ങ്ങളിൽപെട്ട ഫോസിലുകളാണ് ചൈനയിൽനിന്നും കിട്ടിയത്. ഇത് ആദ്യകാല കേംബ്രിയൻ കാലഘട്ടത്തിലേതാണ്. കേംബ്രിയൻ ഫോസിൽ ശാസ്ത്രജ്ഞരിൽ അഗ്രഗണ്യനായ കോൺവേ മോറിസും സംഘവുമാണ് ഈ കണ്ടെത്തലിനു പിന്നിൽ പ്രവർത്തിച്ചത്. ഈ മത്സ്യഫോസിലുകൾ മുള്ളുള്ളവയാണ്. തികച്ചും വ്യത്യസ്തത പുലർത്തുന്ന രണ്ട് സ്പീഷീസിൽപെട്ടവയുമാണ്. അതായത്, പരിണാമപ്രകാരം ഇവ രണ്ടും മറ്റൊരു മുൻഗാമിയിൽനിന്നും ഉരുത്തിരിഞ്ഞവയാകണം. എന്നാൽ ഈ മുൻഗാമികളുടെ ഫോസിലുകളൊന്നും കണ്ടെടുക്കപ്പെട്ടിട്ടുമില്ല. പൊതുമുൻഗാമിയുടെ ഫോസിലുകൾ മാത്രമല്ല അതിൽ നിന്നും ക്രമേണ പരിണമിച്ചു വന്നപ്പോഴുണ്ടായ ഇടരൂപങ്ങളുടെ ഫോസിലുകളും കണ്ടെടുക്കപ്പെട്ടിട്ടില്ല. ഇവ ആദ്യകാല കേംബ്രിയൻ ഘട്ടത്തിലേതായതിനാൽ നിലവിലുള്ള പരിണാമ കാലഗണനയനുസരിച്ച് ക്രമാനുഗതമായി പരിണമിച്ചുവരാനുള്ള കാലയളവും ഇല്ലെന്നതാണ് യാഥാർഥ്യം. അതുകൊണ്ടാകാം ഈ കാലയളവിൽ മുമ്പ് കരുതിയതിനേക്കാൾ വേഗത്തിലാണ് പരിണാമം നടന്നത് എന്ന് പറഞ്ഞ് ഡോ. മോറിസ് രക്ഷപെട്ടത്! ഇതെല്ലാം പരിണാമ വാദികളുടെ സ്ഥിരം പല്ലവികളാണ്. പരിണാമ സങ്കൽപത്തിനെതിരായ എന്ത് തെളിവുകൾ ലഭിച്ചാലും വ്യാഖ്യാനിച്ച് അനുകൂലമാക്കുന്ന തന്ത്രം ഏറ്റവും നന്നായി പയറ്റിയത് ഡാർവിൻ തന്നെയായിരുന്നു. എങ്കിൽ അനുയായികൾ മോശക്കാരാകുമോ? ആദ്യകാല കേംബ്രിയനിൽ മത്സ്യപരിണാമം പെട്ടെന്ന് നടന്നു എന്നു പറയാൻ കാരണം, പെട്ടെന്ന് നടന്നതിന് തെളിവുണ്ടായതുകൊണ്ടല്ല; സാവധാനത്തിൽ നടന്നതിന് തെളിവില്ലാത്തതുകൊണ്ടാണ്! "കേംബ്രിയൻ സ്ഫോടനം" എന്ന് വിശേഷിപ്പിക്കപ്പെടുന്ന ആശ്ചര്യകരമായൊരു പ്രതിഭാസം ഫോസിൽ ശാസ്ത്രഗ്രന്ഥങ്ങളിൽ കാണാം. അവയത്രയും ഡാർവിനിസത്തിനെതിരായ തെളിവുകളാണ്. എന്നാൽ ഈ വസ്തുത തുറന്നു സമ്മതിക്കാൻ തയാറാകാത്ത പരിണാമവാദികളായ ഫോസിൽ ശാസ്ത്രജ്ഞന്മാർ അവയെ 'നിഗൂഢ'(mystery)മെന്ന് വിശേഷിപ്പിച്ച് രക്ഷപെടുന്നു.

ജീവികളുടെ ഓരോ സവിശേഷതയെയും പറ്റിയുള്ള നൂതനമായ ഗവേഷണങ്ങൾ പരിണാമസിദ്ധാന്തത്തെ കൂടുതൽ കൂടുതൽ ദുർബലമാക്കിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് മുമ്പത്തേക്കാൾ അധികമായി ശാസ്ത്രജ്ഞന്മാർ ഡാർവിനിസത്തെ വിമർശിക്കാൻ തയാറാകുന്നത്. എന്നാൽ ഡാർവിൻ ഭക്തന്മാരായ ശാസ്ത്രജ്ഞർ ഇരുട്ടുകൊണ്ട് ഓട്ടയടക്കാനുള്ള വിഫല ശ്രമത്തിലാണ്. വാർത്താ മാധ്യമങ്ങളിൽ പ്രതിഫലിക്കുന്നത് ഇവയാണ്. ശാസ്ത്രീയ വിഷയങ്ങളിൽ വൈദഗ്ധ്യം നേടിയവരും സ്വതന്ത്രമായ വിശകലന ശേഷിയുള്ളവരും മാധ്യമങ്ങളിൽ പ്രവർത്തിക്കാത്തേടത്തോളം ഡാർവിൻ ഭക്തന്മാരുടെ ശരണം വിളികൾ മാത്രമേ കേൾക്കാനാവൂ. പഴയതൊന്നും മറക്കുകയോ പുതുതായൊന്നും പഠിക്കുകയോ ചെയ്യാത്ത ശാസ്ത്ര സാഹിത്യകാരന്മാരുടെ ഡാർവിൻ കീർത്തനങ്ങൾ പത്രലോകത്തിന് അലങ്കാരമായി കാണുന്ന പത്രാധിപന്മാർ ഗുഹാവാസികളായിരുന്നുവെന്ന് ഭാവിതലമുറ വിധിച്ചെന്നു വരാം. ■

## ഡാർവിൻ നാണയം




ഡാർവിന്റെ 200-ാം ജന്മദിനം (2009 ഫെബ്രുവരി 12) പ്രമാണിച്ച് ബ്രിട്ടനിൽ പുതിയൊരു നാണയം ഇറങ്ങി. ഫെബ്രുവരി 9-ലെ 'മിറർ' റിപ്പോർട്ടു ചെയ്തതാണിത്. ഒരു വശത്ത് വിക്ടോറിയ രാജ്ഞിയുടെ ചിത്രം. മറുഭാഗത്ത് ഡാർവിനും ആൾക്കുരങ്ങും മുഖത്തോടു മുഖം നോക്കുന്ന ചിത്രവും. പ്രമുഖ ശിൽപിയായ സുസി സ്മിത്ത് ഇത് പരിണാമത്തിന്റെ ഏറ്റവും ലളിതമായ ചിത്രീകരണമാണെന്ന് അഭിപ്രായപ്പെടുകയുണ്ടായി. രണ്ട് പേരുടെയും പരസ്പരമുള്ള നോട്ടം വളരെ തീക്ഷ്ണമാണെന്നും അവർ പറഞ്ഞു. മനുഷ്യൻ ആൾക്കുരങ്ങിൽ നിന്നുണ്ടായി എന്ന് പ്രഖ്യാപിച്ച ചാൾസ് ഡാർവിന് ആൾക്കുരങ്ങിന് തൊട്ടടുത്തായി സ്ഥാനം നൽകിയത് ചരിത്രത്തിന്റെ വിധിവൈപരീത്യമാകാം! ■